**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2967** **10-03-2025 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജൽജീവൻ മിഷന്റെ ഭാഗമായി ആരംഭിച്ച പല പ്രവൃത്തികളും ഭാഗികമായോ പൂർണമായോ മുടങ്ങിയിരിക്കുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നത് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ സംസ്ഥാനത്ത് പുരോഗമിച്ച് വരികയാണ്. 2020- ൽ പദ്ധതി ആരംഭിക്കുമ്പോൾ 25% കവറേജ് (17.50 ലക്ഷം കണക്ഷൻ) ആണ് ഉണ്ടായിരുന്നത്. ഇപ്പോൾ അത് 55% കവറേജ് ആയി വർദ്ധിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത നിലവിൽ ചില പ്രവൃത്തികളുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. കൂടാതെ കോടതി വ്യവഹാരം, സ്ഥലങ്ങൾ യഥാസമയം കൈമാറിക്കിട്ടാത്തത്, റോഡ് കുഴിക്കുന്നതിനുള്ള അനുമതി, റെയിൽവേ, ഫോറസ്റ്റ് അനുമതികൾ തുടങ്ങിയവ ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം തുടങ്ങി യവയും ചില പ്രവൃത്തികളെ ബാധിച്ചിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റോഡിലൂടെ ജൽജീവൻ മിഷന്റെ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടും യഥാസമയം ഇവ സ്ഥാപിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ അനുമതി ലഭ്യമായ ഉടൻ തന്നെ ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | ജൽജീവൻ മിഷനിൽ ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (സി) | ജൽ ജീവൻ മിഷൻ പ്രവൃത്തികൾ നടത്തിവരുന്ന കരാറുകാരുടെ യോഗം വിളിക്കുകയും പദ്ധതികൾ യഥാസമയം തീർക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും സർക്കിൾ, ഡിവിഷൻ, സബ് ഡിവിഷൻ, സെക്ഷൻ തലത്തിൽ ഉദ്യോഗസ്ഥരുടെ കൃത്യമായ നിരീക്ഷണവും ഉറപ്പ് വരുത്തുന്നു. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സംസ്ഥാന, ജില്ലാ തലങ്ങളിൽ ഉൾപ്പെടെ വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതര വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ? | (ഡി) | ബഹു.മുഖ്യമന്ത്രിയുടെ മുൻഗണനാപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ് ജലജീവൻ മിഷൻ. കൂടാതെ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പ്രവർത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതിനുപുറമെ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി/സെക്രട്ടറി, മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകനയോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശ്ശങ്ങൾ നൽകുന്നുണ്ട്. കൂടാതെ ബഹു. MLA, ബഹു. MP, ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉദ്യോഗ തല മീറ്റിംഗുകൾ നടത്തി വരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണം ഉറപ്പാക്കി സംയുക്ത പരിശോധന, ചർച്ചകൾ എന്നിവ നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഉന്നതതല ഇടപെടൽ ആവശ്യമായ വിഷയങ്ങളിൽ ഉന്നത ഉദ്യോഗ സ്ഥരുടെയും, ജനപ്രതിനിധികളുടെയും ശ്രദ്ധ ക്ഷണിച്ച് പരിഹാരം കാണാനും ശ്രമിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ